# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 593 30.06.2016 -ൽ മറുപടിയ്ക്ക്

**ഭൂഗർഭ ജലവിതാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. വീണാജോർജ്ജ് | | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പ് മന്ത്രി | |
| എ) | ഭൂഗർഭ ജലവിതാനത്തിന്റെ കണക്കെടുപ്പ് കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടോ; ഓവർ എക്സ്പ്ളോയിറ്റഡ് ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ, സേഫ് എന്നിങ്ങനെ കണക്കുകൾ ലഭ്യമാണോ? | എ) | സംസ്ഥാനത്തെ ഭൂജല നിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് നിരീക്ഷിക്കുന്നതിന് ഭൂജലവകുപ്പ് സംസ്ഥാനത്തുള്ള 871 നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലനിരപ്പ് പഠന വിധേയമാക്കുന്നുണ്ട്. ഈ നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലനിരപ്പും വെള്ളത്തിന്റെ രാസഘടനയും കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്നുണ്ട്.<br><br>ഇങ്ങനെ ലഭ്യമാക്കുന്ന ഡാറ്റ ഉപയോഗിച്ച് സംസ്ഥാനത്ത് ജലവിതാനത്തിന്റെ ഏറ്റകുറച്ചിലുകൾ സംബന്ധിച്ച് കേന്ദ്ര ഭൂജലബോർഡും സംസ്ഥാനത്തെ ഭൂജലവകുപ്പും സംയുക്തമായി പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. മുൻ കാലങ്ങളിൽ ഈ പഠന റിപ്പോർട്ട് 5 വർഷത്തിൽ ഒരിക്കൽ ആയിരുന്നു. ഇപ്പോൾ ഇത് രണ്ട് വർഷത്തിൽ ഒരിക്കൽ എന്ന രീതിയിൽ ആണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ഏറ്റവും അവസാനം 2011 മാർച്ച് വരെയുള്ള ജല ലഭ്യതയുടെ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013 വരെയുള്ള റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്.<br><br>സംസ്ഥാനത്തെ ബ്ലോക്കുകളെ ഭൂജല ലഭ്യത, ഉപഭോഗം എന്നിവയെ അടിസ്ഥാനമാക്കി ഓവർ എക്സ്പ്ളോയിറ്റഡ്, ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ, സെയ്ഫ് എന്നിങ്ങനെ 4 വിഭാഗങ്ങൾ ആയി തരം തിരിച്ചിട്ടുണ്ട്. ആകെയുള്ള 152 ബ്ലോക്കുകളിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് "ഓവർ എക്സ്പ്ളോയിറ്റഡ്" ആയും കാസർഗോഡ് |

ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ "ക്രിട്ടിക്കൽ" ആയും തരം തിരിച്ചിട്ടുണ്ട് 23 ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ ആയും ബാക്കിയുള്ള 126 ബ്ലോക്കുകൾ സെയ്ഫ് എന്ന പട്ടികയിലും പെടുത്തിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ